# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 137

01/12/2014-ൽ മറുപടിയ്ക്ക്

### മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) കേരള തീരത്ത് മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ് സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധ സംഘത്തെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (സി) കടലിലെ പാര് മത്സ്യങ്ങളുടെ വംശ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യ മത്സ്യകൃഷി, സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ വിത്തുകളെയും നിക്ഷേപിക്കുന്നുണ്ട്. ഇതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. സമുദ്ര മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് മത്സ്യങ്ങളുടെ പ്രജനനകാലത്ത് (ജൂൺ-ജൂലൈ മാസങ്ങളിൽ) വർഷം തോറും 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നു. അനധികൃത മത്സ്യബന്ധന രീതികളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടൽ പട്രോളിംഗ് നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. അമിതമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act 1980 പ്രകാരം അർഹമായ മത്സ്യബന്ധന യാനങ്ങൾക്ക് മാത്രം ഫിഷറീസ് വകുപ്പിൽ നിന്ന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകി വരുന്നു. |

സെക്ഷൻ ആഫീസർ